കോഴിക്കോട് ഭാഗത്തുനിന്ന് കണ്ണൂരിലേക്ക് വരികയായിരുന്ന ബസ് കാൽടെക്സിൽ സമരാനുകൂലികൾ തടഞ്ഞപ്പോൾ

കണ്ണൂർ-തലശ്ശേരി റൂട്ടിലോടുന്ന ബസ്സുകളുടെ അനിശ്ചിതകാല സമരം കണ്ണൂർ ദേശീയപാത അതോറിറ്റി ഓഫീസിന് മുൻപിൽ കെ.വി. സുമേഷ് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

കണ്ണൂർ താവക്കര സ്റ്റാൻഡിലെ ബസ് ബേകൾ കെ.എസ്.ആർ.ടി.സി. ബസ്സുകൾ കൈയടക്കിയപ്പോൾ

കണ്ണൂർ-തലശ്ശേരി റൂട്ടിൽ അനിശ്ചിതകാല ബസ് സമരം തുടങ്ങി

കണ്ണൂർ ▸ യാത്രക്ലേശം രൂക്ഷമാക്കി കണ്ണൂർ-തലശ്ശേരി റൂട്ടിൽ സ്വകാര്യ ബസ്സുകളുടെ അനിശ്ചിത കാലസമരം. ദേശീയപാത 66-ന്റെ പണി പൂർത്തിയാകുന്നതോടെ നടാൽ റെയിൽവേ ഗേറ്റ് കടന്നുവരുന്ന വാഹനങ്ങൾക്ക് എളുപ്പത്തിലുള്ള പാത നിർദേശിക്കുന്നതിൽ അധികൃതർ കാട്ടുന്ന ഉപേക്ഷയ്ക്കെതിരേയാണ് സമരം. ഈ റൂട്ടിലോടുന്ന ഹ്രസ്വദൂര ബസ്സുകളെല്ലാം സമരവുമായി സഹകരിച്ചു. തോട്ടട-കിഴുന്നപ്പാറ, എടക്കാട്-തലശ്ശേരി റൂട്ടിലോടുന്ന ബസ്സുകളും സർവീസ് നടത്തിയില്ല. കണ്ണൂർ-കോഴിക്കോട് റൂട്ടിലോടുന്ന ചില ബസ്സുകൾ ചൊവ്വാഴ്ച രാവിലെ സർവീസ് നടത്തിയെങ്കിലും സമരാനുകൂലികൾ തടഞ്ഞു. ഇതോടെ ബസോട്ടം പൂർണമായും നിലച്ചു. കെ.എസ്.ആർ.ടി.സി. ബസ്സുകൾ മാത്രമാണ് ആശ്രയമായത്. കോഴിക്കോട് ഭാഗത്തുനിന്നും കണ്ണൂർ ഭാഗത്തേക്ക് വരികയായിരുന്ന 'ചീറ്റപ്പുലി' ബസ് രാവിലെ പത്തരയോടെ കാൽടെക്സിൽ സമരാനുകൂലികൾ തടഞ്ഞു. ഇതേത്തുടർന്ന് ദേശീയപാതയിൽ താണവരെ ഗതാഗതക്കുരുക്കുണ്ടായി.

തലശ്ശേരി നഗരത്തിൽനിന്ന് കണ്ണൂർ നഗരത്തിലേക്കും തിരിച്ചും യാത്ര ചെയ്യേണ്ടവർക്ക് തീവണ്ടി ഉൾപ്പെടെയുള്ള ബദൽ മാർഗം തേടാമെങ്കിലും എടക്കാട്, കുളംബസാർ, നടാൽ, തോട്ടട, ചാല തുടങ്ങിയ സ്ഥലങ്ങളിലെത്തേണ്ടവരെയാണ് സമരം ബാധിക്കുന്നത്. മറ്റ് റൂട്ടുകളെ അപേക്ഷിച്ച് നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ളതാണ് കണ്ണൂർ-തോട്ടട-നടാൽ-തലശ്ശേരി റൂട്ട്. എസ്.എൻ. കോളേജ് ഉൾപ്പെടെ എട്ട് പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളും 19 വാഹന ഷോറൂമുകളുമാണ് ഈ റൂട്ടിൽ പ്രവർത്തിക്കുന്നത്. ഇവിടങ്ങളിലെ വിദ്യാർഥികളെയും ജീവനക്കാരെയും സമരം സാരമായി ബാധിക്കും. തലശ്ശേരിയിൽ നടക്കുന്ന റവന്യൂ ജില്ലാ കായികമേളയിൽ പങ്കെടുക്കുന്നവർക്കും സമരം വിനയായി.

ശക്തമായ സമരവുമായി സംയുക്ത സമരസമിതി

▸സംഭവത്തിൽ പ്രതിഷേധിച്ച് സംയുക്ത സമരസമിതി കണ്ണൂർ ദേശീയപാത അതോറിറ്റി ഓഫീസിലേക്ക് മാർച്ച് നടത്തി. ദിനേശ് ഓഡിറ്റോറിയം പരിസരത്തെ എൻ.എച്ച്. ഓഫീസിലേക്ക് നടത്തിയ മാർച്ചിൽ ജില്ലാ ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ കോഡിനേഷൻ കമ്മിറ്റി, തൊഴിൽ യൂണിയനുകൾ, നടാൽ അടിപ്പാത കർമസമിതി, കൗൺസിലർമാർ, വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, യാത്രക്കാർ എന്നിവർ പങ്കെടുത്തു. മാർച്ച് പോലീസ് തടഞ്ഞതിനെത്തുടർന്ന് ഓഫീസ് ഗേറ്റിന് പുറത്ത് നടത്തിയ ധർണ കെ.വി. സുമേഷ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. സമരസമിതി കൺവീനർ സത്യൻ വണ്ടിച്ചാൽ അധ്യക്ഷത വഹിച്ചു.

കെ.പി.സി.സി. അംഗം ടി.ഒ. മോഹനൻ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ പി. പ്രകാശൻ, വെള്ളോറ രാജൻ, ആർ. ഗിരിധരൻ, ബസ് ഉടമസ്ഥസംഘം പ്രതിനിധികളായ രാജ്കുമാർ കരുവാരത്ത്, പികെ.പവിത്രൻ എന്നിവർ സംസാരിച്ചു.

സമരം ശക്തം ക്ലേശം രൂക്ഷം

പ്രശ്നം ഒറ്റനോട്ടത്തിൽ

നടാൽ- ചാല ബൈപാസിലൂടെ 3.5 കിലോമീറ്റർ ഇരുവശത്തേക്കും അധികം സഞ്ചരിക്കേണ്ടി വരും

▸ഒ.കെ.യു.പി. സ്കൂൾ പരിസരത്ത് അടിപ്പാത വേണമെന്ന ആവശ്യം ഇതുവരെ പരിഗണിക്കപ്പെട്ടിട്ടില്ല. അതാണ് കർമസമിതി രൂപവത്കരിക്കാനും സമരം ശക്തമാക്കാനുമുള്ള കാരണം. ദേശീയപാത-66 പൂർത്തിയായാൽ താഴെചൊവ്വ-തോട്ടട വഴി നടാൽ ഗേറ്റ് കടന്നുവരുന്ന ബസ്സുകളുൾപ്പെടെയുള്ള വലിയ വാഹനങ്ങൾ ബേബി മെമ്മോറിയൽ ആസ്പത്രിക്ക് മുന്നിലൂടെയുള്ള സർവീസ് റോഡ് വഴി ചാല അമ്പലം വരെ ചെന്ന് തിരിഞ്ഞ് മിംസ് ആസ്പത്രിക്ക് മുന്നിലൂടെയുള്ള സർവീസ് റോഡ് വഴി തലശ്ശേരിക്ക് പോകണമെന്നാണ് അധികൃതരുടെ നിർദേശം. അത് പ്രാവർത്തികമായാൽ ഏഴ് കിലോമീറ്റോളം അധികം സഞ്ചരിക്കേണ്ടിവരുമെന്ന് ബസ്സുടമകൾ പറയുന്നു.

പല ട്രിപ്പുകളും ഒഴിവാക്കേണ്ടിവരുമെന്ന ആശങ്കയുമുണ്ട്. ഗേറ്റ് കടന്ന് പടിഞ്ഞാറ് വശത്തെ സർവീസ് റോഡിലൂടെ പോയി എടക്കാട് അടിപ്പാത വഴി തലശ്ശേരി ഭാഗത്തേക്ക് പോകണമെന്ന നിർദേശവും പ്രായോഗികമല്ല. ഊർപ്പഴച്ചിക്കാവ് അടിപ്പാത വലുതായിരുന്നുവെങ്കിൽ പ്രശ്നപരിഹാരമാകുമായിരുന്നുവെന്ന് നാട്ടുകാർ ചൂണ്ടിക്കാട്ടുന്നു.

പെട്ടെന്ന് പരിഹാരം കാണണം

തലശ്ശേരിയിൽനിന്ന് കെ.എസ്.ആർ.ടി.സി. ബസിനാണ് ചാലയിലെ ജോലിസ്ഥലത്തെത്തിയത്. സ്വകാര്യ ബസില്ലാത്തതിനാൽ നല്ല തിരക്കായിരുന്നു. എല്ലാ ചെറുസ്റ്റോപ്പുകളിലും ബസ് നിർത്തേണ്ടിയും വന്നു. സമരം തുടരുന്നത് യാത്രക്കാരെ സാരമായി ബാധിക്കുമെന്നതിനാൽ എന്തുയും പെട്ടെന്ന് പരിഹാരം കാണണം.

കെ.പി. രമ്യ
ചാലയിലെ ബാങ്ക് ജീവനക്കാരി

സമരം തുടരും; ഇന്ന് യോഗം

സമരം തുടരാനാണ് തീരുമാനം. ബുധനാഴ്ച വൈകിട്ട് മൂന്നിന് നടാൽ വിജ്ഞാനദായിനി വായനശാലയിൽ യോഗം ചേരുന്നുണ്ട്. ബസുടമകളും തൊഴിലാളികളും ജനപ്രതിനിധികളും നാട്ടുകാരും സംബന്ധിക്കും. തുടർന്ന് പ്രതിഷേധ പരിപാടികൾ യോഗത്തിൽ തീരുമാനിക്കും.

രാജ്കുമാർ കരുവാരത്ത്
ജന. കൺവീനർ, ജില്ലാ ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻസ് കോഡിനേഷൻ കമ്മിറ്റി

മയ്യിൽ റൂട്ടിലെ ബസ് പണിമുടക്ക് മൂന്നാം ദിവസവും തുടരും

മയ്യിൽ- കണ്ണൂർ ആസ്പത്രി റൂട്ടിലോടുന്ന ബസ്സുകളിലെ ജീവനക്കാർ മയ്യിൽ ബസ് സ്റ്റാൻഡിൽ പ്രകടനം നടത്തുന്നു.

- ചർച്ചയിൽ പരിഹാരമായില്ല
- വലഞ്ഞ് ജനം

മയ്യിൽ ▸ ബസ് ഡ്രൈവറെയും യാത്രക്കാരനെയും ഇരുചക്ര വാഹനത്തിലെത്തിയവർ ആക്രമിച്ച സംഭവത്തിൽ മയ്യിൽ- കണ്ണൂർ ആസ്പത്രി റൂട്ടിൽ മൂന്നാം ദിനമായ ബുധനാഴ്ചയും പണിമുടക്ക് തുടരും. പണിമുടക്കുമായി ബന്ധപ്പെട്ട് തളിപ്പറമ്പ് റോഡ് ട്രാൻസ്പോർട്ട് ഓഫീസിൽ ജോയിന്റ് ആർ.ടി.ഒ., മയ്യിൽ എ.എസ്.ഐ. ഇബ്രാഹിം എന്നിവരുടെ സാന്നിധ്യത്തിൽ ബസ് ജീവനക്കാരുമായി നടത്തിയ ചർച്ചയിൽ പരിഹാരമായില്ല.

ഞായറാഴ്ച രാത്രി എട്ടിനാണ് കമ്പിൽ ടൗണിൽ ഐശ്വര്യ ബസ് ഡ്രൈവർ കുഴ്യാട്ടൂരിലെ രജിഷിനെയും യാത്രക്കാരനായ കണ്ടക്കൈ പറമ്പിലെ പി. രാധാകൃഷ്ണനെയും രണ്ടുപേർ ചേർന്ന് മർദിച്ചത്. സംഭവം നടന്നയുടൻ ചേലേരി കയ്യങ്കോട്ടു നസിറിനെ മയ്യിൽ പോലീസ് അറസ്റ്റ് ചെയ്തിരുന്നു.

സംഭവത്തിൽ നിസ്സാരവകുപ്പുകൾ ചേർത്ത് അറസ്റ്റ് ചെയ്ത് ഇടക്കാല ജാമ്യത്തിൽ പ്രതിയെ വിട്ടുകയും ചെയ്തതോടെയാണ് ജീവനക്കാരുടെ പണിമുടക്ക് തുടരുന്നത്. വധശ്രമത്തിന് കേസെടുത്ത് പ്രതിയെ റിമാൻഡ് ചെയ്യണമെന്നാണ് തൊഴിലാളികൾ ആവശ്യപ്പെടുന്നത്.

യൂത്ത് ലീഗ്, ബി.ജെ.പി. നാറാത്ത് കമ്മിറ്റികൾ, സംഘമിത്ര കലാ സാംസ്കാരിക കേന്ദ്രം എന്നിവ പണിമുടക്ക് അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് തളിപ്പറമ്പ് ആർ.ടി.ഒ., മയ്യിൽ പോലീസ് എന്നിവർക്ക് നിവേദനം നൽകി. പണിമുടക്ക് അവസാനിപ്പിക്കണമെന്ന് വ്യാപാരി വ്യവസായി സമിതി മയ്യിൽ ഏരിയ കമ്മിറ്റിയും ആവശ്യപ്പെട്ടു. ബസ് ജീവനക്കാർ മയ്യിൽ ടൗണിൽ പ്രതിഷേധ പ്രകടനവും നടത്തി.

മുണ്ടയാട് പൗൾട്രി ഷെഡ് ഉദ്ഘാടനം നാളെ

കണ്ണൂർ ▸ മുണ്ടയാട് മേഖലാ കോഴിവളർത്തൽ കേന്ദ്രത്തിൽ ഇരുനില പൗൾട്രി ഷെഡിന്റെ ഉദ്ഘാടനം വ്യാഴാഴ്ച രാവിലെ 11.30-ന് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും.

കൊയ്ത്തുത്സവം ഇന്ന്

കുറ്റ്യാട്ടൂർ ▸ ജൈവഭൂമിക കൃഷിക്കൂട്ടം നടപ്പാക്കിയ ജൈവനെൽക്കൃഷി കൊയ്ത്തുത്സവം 23-ന് നടത്തും. രാവിലെ 11-ന് വെള്ളാവയൽ പാടശേഖരത്തിലാണ് പരിപാടി. പഞ്ചായത്ത് പ്രസിഡന്റ് പി.പി. റെജി ഉദ്ഘാടനം ചെയ്യും.

ലൈഫ്ലൈൻ ചാരിറ്റബിൾ സൊസൈറ്റി കണ്ണൂരിന്റെ ഏഴാം വാർഷികാഘോഷം മേയർ മുസ്‌ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്യുന്നു. ഡെപ്യൂട്ടി മേയർ കെ.ഇന്ദിര, സൊസൈറ്റി പ്രസിഡന്റ് കെ.നാരായണൻ കുട്ടി (സുനിത ഫർണിച്ചർ) എന്നിവർ സമീപം

എസ്.ടി.യു. കളക്ടറേറ്റ് മാർച്ചും ധർണയും

കണ്ണൂർ ▸ പൊതുമാർക്കറ്റ് കേന്ദ്രീകരിച്ചും തലച്ചുമടായും റിക്ഷയിലും കടകളിലും മീൻ വിൽക്കുന്ന തൊഴിലാളികളെ സർക്കാർ അവഗണിക്കുന്നതായി ആരോപിച്ച് എസ്.ടി.യു. 25-ന് വെള്ളിയാഴ്ച കളക്ടറേറ്റ് മാർച്ചും ധർണയും നടത്തും.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ വർഷത്തിൽ 240 രൂപ അടയ്ക്കുന്നത് 600 രൂപയായി വർധിപ്പിച്ത് പിൻവലിക്കുക, മൊത്ത മാർക്കറ്റിൽനിന്ന് ചെറുകിട വിതരണക്കാർ വാങ്ങുന്ന മീനിന്റെ തൂക്കക്കുറവ് പരിഹരിക്കാൻ സർക്കാർ തലത്തിൽ ഇടപെടുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം.

മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് അബ്ദുല്ല കരീം ചേലേരി ധർണ ഉദ്ഘാടനംചെയ്യും. മത്സ്യവിതരണ തൊഴിലാളി ഫെഡറേഷൻ സംസ്ഥാന ജന. സെക്രട്ടറി സാഹിർ പാലക്കൽ, ജില്ലാ സെക്രട്ടറി കബീർ ബക്കളം, ട്രഷറർ പി.കെ. ഖമറുദ്ദീൻ, സെക്രട്ടറി എ. ശാക്കിർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

കെ.എസ്.എസ്.പി.എ. വാർഷിക സമ്മേളനം

ചക്കരക്കല്ല് ▸ കെ.എസ്.എസ്.പി.എ. ധർമടം നിയോജകമണ്ഡലം വാർഷിക സമ്മേളനം 24-ന് ചക്കരക്കല്ലിൽ നടക്കും. അഡ്വ. സണ്ണി ജോസഫ് എം.എൽ.എ. ഉദ്ഘാടനം ചെയ്യും.

നിയോജകമണ്ഡലം പ്രസിഡന്റ് രാജീവൻ ചിറുകണ്ടോത്ത് അധ്യക്ഷത വഹിക്കും. 24-ന് രാവിലെ 9.30ന് പ്രകടനം നടക്കും. ഉച്ചക്ക് നടക്കുന്ന പ്രതിനിധി സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി എം.പി. വേലായുധൻ ഉദ്ഘാടനം ചെയ്യും.

പത്രസമ്മേളനത്തിൽ സംഘാടകസമിതി ചെയർമാൻ രാജീവൻ ചിറുകണ്ടോത്ത്, രവീന്ദ്രൻ കോയോടൻ, പി. രാഘവൻ, എം.പി. കൃഷ്ണദാസ്, സി.ടി. സുരേന്ദ്രൻ, എൻ.വി. രാജീവൻ എന്നിവർ പങ്കെടുത്തു.

ഇന്നത്തെ പരിപാടി

- **കണ്ണൂർ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ** ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ഫയർ ആൻഡ് റെസ്ക്യൂ ടീമും സംയുക്തമായി ആപ്പമിത്ര വൊളന്റിയേഴ്സിനെ ആദരിക്കുന്ന ചടങ്ങ്. ഉദ്ഘാടനം റീജണൽ ഫയർ ഓഫീസർ പി. രജിഷി 10.30.
- **കണ്ണൂർ പോലീസ് മൈതാനം** 'ജംബോ സർക്കസ്' പ്രദർശനം 1.00, 4.00, 7.00
- **എടക്കാട് ഇണ്ടേരി ശിവക്ഷേത്രം** ഭാഗവത സപ്താഹയജ്ഞം. നരസിംഹാവതാരം രാവിലെ

ക്ഷാമബത്ത കുടിശ്ശിക വിതരണം ചെയ്യണം

അഴീക്കോട് ▸ ക്ഷാമബത്ത കുടിശ്ശിക ഉടൻ വിതരണം ചെയ്യണമെന്ന് കേരള സ്റ്റേറ്റ് പെൻഷനേർസ് അസോസിയേഷൻ അഴീക്കോട് മണ്ഡലം സമ്മേളനം ആവശ്യപ്പെട്ടു. സംസ്ഥാന സെക്രട്ടറി ടി.വി. ഗംഗധരൻ ഉദ്ഘാടനം ചെയ്തു.

മണ്ഡലം പ്രസിഡന്റ് എം.കെ. മോഹനൻ അധ്യക്ഷനായി. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം കെ. രാമകൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി. പി.വി. ഉപേന്ദ്രൻ, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗമായിരുന്ന കെ. രാഘവൻ അനുസ്മരണ പ്രഭാഷണം നടത്തി. ടി.എം. മോഹനൻ, സി. സജിത്ത്, തങ്കമ്മ വേലായുധൻ, കെ.എൻ. പുഷ്പലത, പി. രാജീവൻ, വി. രാജൻ, പി. അരുണൻ, എം.കെ. ഗീത, സജിത്ത് കരിക്കൻ എന്നിവർ സംസാരിച്ചു. ട്രഷറർ കെ.കെ. അനിൽകുമാർ വരവ് ചിലവും സെക്രട്ടറി എം.കെ. ദിവാകരൻ പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു.

ഭാരവാഹികൾ : എം.കെ. മോഹനൻ (പ്രസി.), കെ. മുഹമ്മദ് കുഞ്ഞി, പി.അരുണൻ (വൈ. പ്രസി.), എം.കെ. ദിവാകരൻ (ജന. സെക്ര.), സജിത്ത് കരിക്കൻ,പി. മല്ലിക (ജോ. സെക്ര.), കെ.കെ. അനിൽകുമാർ (ഖജാ.).

കെ.എസ്.എസ്.പി.എ. അഴീക്കോട് മണ്ഡലം സമ്മേളനം സംസ്ഥാന സെക്രട്ടറി ടി.വി. ഗംഗധരൻ ഉദ്ഘാടനം ചെയ്യുന്നു

എൽ.ഐ.സി. ഏജന്റുമാരുടെ ധർണ

ഓൾ ഇന്ത്യ എൽ.ഐ.സി. ഏജന്റ്സ് ഫെഡറേഷൻ കണ്ണൂർ ബ്രാഞ്ച് ഓഫീസിനുമുന്നിൽ നടത്തിയ ധർണയിൽനിന്ന്

കണ്ണൂർ ▸ ഏജന്റുമാരുടെ കമ്മീഷൻ വെട്ടിച്ചുരുക്കുകയും കുറഞ്ഞ പോളിസിത്തുക ഒരുലക്ഷമാക്കുകയും ചെയ്ത എൽ.ഐ.സി. മാനേജ്മെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഓൾ ഇന്ത്യ എൽ.ഐ.സി. ഏജന്റ്സ് ഫെഡറേഷൻ ബ്രാഞ്ച് ഓഫീസിനു മുന്നിൽ ധർണ നടത്തി.

ജില്ലാ പ്രസിഡന്റ് ഇ.ജെ.ജോയി ഉദ്ഘാടനം ചെയ്തു. ടി.ദിലീപ് സുകുമാർ, അജിത ശ്രീനിവാസ്, പി.പി.രാജീവൻ, എൻ.പി.ഷാജി, ടി.ടി. സജിത്ത്, പി.മനോജ് എന്നിവർ സംസാരിച്ചു.

കരകൗശല ശില്പശാല തുടങ്ങി

പാനൂർ ▸ കേന്ദ്രസർക്കാരിന്റെ സയൻസ് ആൻഡ് ഹെറിറ്റേജ് റിസർച്ച് ഇനിഷേറ്റീവ് പദ്ധതിയുടെ ഭാഗമായി എൻ.സി.ടി.ഐ. സി.എച്ച്. തെയ്യം കലാ അക്കാദമിയുടെ നേതൃത്വത്തിൽ ജവാഹർ നവോദയ വിദ്യാലയത്തിൽ ടൂഡി, ത്രീഡി, കരകൗശലശില്പശാല തുടങ്ങി. നവംബർ 19 വരെയാണ് പരിപാടികൾ. ചരിത്രഗവേഷകനും കേരള ഫോക്‌ലോർ അക്കാദമി മുൻ സെക്രട്ടറിയുമായ കീച്ചേരി രാഘവൻ ഉദ്ഘാടനം നിർവഹിച്ചു. കെ.കെ.ആർ.വെങ്കര മുഖ്യാതിഥിയായി. തെയ്യംകല അക്കാദമി സെക്രട്ടറി പി.വി.ലവ്‌ലിൻ, കേരള ഫോക്‌ലോർ അക്കാദമി അവാർഡ് ജേതാവ് വത്സൻ കുഞ്ഞിമംഗലം, രാജൻ കുഞ്ഞിമംഗലം, മ്യൂറൽ ചിത്രകാരൻ സുമേഷ് ഷങ്കർമുഖം, കെ.വി.അനുഷ, ടി.ടി. കെ.സജിഷ് എന്നിവർ പങ്കെടുത്തു. നവോദയ പ്രിൻസിപ്പൽ ശശി, വൈസ് പ്രിൻസിപ്പൽ എലിസബത്ത് എന്നിവർ സംസാരിച്ചു.

കൂടാളി ആസ്പത്രിയിൽ ലാബ് പ്രവർത്തിക്കില്ല

കൂടാളി ▸ കൂടാളി പ്രൈമറി ഹെൽത്ത് സെന്ററിൽ ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ ലാബ് പ്രവർത്തിക്കില്ലെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു.

പ്രതിഷ്ഠാദിന ഉത്സവം ഇന്ന്

കാടാച്ചിറ ▸ആനപ്പാലം ദേവർകണ്ടി ഗുരുമന്ദിരത്തിൽ പ്രതിഷ്ഠാദിന ഉത്സവം ബുധനാഴ്ച നടക്കും. രാവിലെ ഒൻപതിന് വെള്ളിയിലത്ത് പരമേശ്വരൻ തന്ത്രിയുടെ കാർമികത്വത്തിൽ ഗണപതിഹോമം, ഉച്ചയ്ക്ക് 12-ന് പ്രസാദസദ്യ, വൈകിട്ട് ആറിന് ദീപാരാധന, 6.30-ന് ഉത്സവ സമാപനം.

പുത്തരി അടിയന്തിരം

മയ്യിൽ ▸ വേളം കുറ്റിയാട്ട് ഒതയോത്ത് തറവാട് പെരുമ്പാറ ഭഗവതി ക്ഷേത്രത്തിലെ പുത്തരി അടിയന്തിരം 27-ന് നടത്തും. ഉച്ചക്ക് ഭഗവതിയുടെ കലശവരവ്, വൈകിട്ട് നിവേദ്യപൂജ എന്നിവ ഉണ്ടാകും.

കൊളച്ചേരി ▸ വിശ്വകർമ ഉർപ്പഴശ്ശി വേട്ടക്കൊരുമകൻ ക്ഷേത്രത്തിൽ പുത്തരിയടിയന്തിരം 28-ന് നടക്കും. രാവിലെ 10-ന് ചണ്ഡി തുടങ്ങുമെന്ന് സെക്രട്ടറി അറിയിച്ചു.

മുത്തപ്പൻ വെള്ളാട്ടം

മാവിലായി ▸ ഐവർകുളം ആലക്കാട്ട് മുത്തപ്പൻ മടപ്പുരയിൽ 25-ന് മുത്തപ്പൻ വെള്ളാട്ടം നടക്കും. ച്ചല്ല് രണ്ടിന് മുത്തപ്പനെ മലയറിക്കൽ, വൈകിട്ട് അഞ്ചിന് മുത്തപ്പൻ വെള്ളാട്ടം.

വ്യാപാരി വ്യവസായി സമിതി ജി.എസ്.ടി. ഓഫീസിലേക്ക് മാർച്ച് നടത്തും

കണ്ണൂർ ▸ കെട്ടിടവാടകയുടെ കൂടെ 18 ശതമാനം ജി.എസ്.ടി. കൂടി വ്യാപാരികൾ അടയ്ക്കണമെന്ന നിയമം പിൻവലിക്കണമെന്ന് കേരള സംസ്ഥാന വ്യാപാരി വ്യവസായി സമിതി ആവശ്യപ്പെട്ടു. നിയമം പിൻവലിച്ച് ചെറുകിട വ്യാപാര വ്യവസായ മേഖലയെ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് സമിതി വ്യാഴാഴ്ച കണ്ണൂർ ജി.എസ്.ടി. ഓഫീസിലേക്ക് മാർച്ചും ധർണയും നടത്തും.

20 ലക്ഷവും 40 ലക്ഷവും വരെ വിറ്റുവരവുള്ള ജി.എസ്.ടി. രജിസ്ട്രേഷൻ പരിധിയിൽ ഉൾപ്പെടാത്ത ചെറുകിട കച്ചവടക്കാരെയും സർവീസ് മേഖലയിലുള്ള വ്യാപാരികളെയും ടാക്സ് ഇൻപുട്ട് ക്രെഡിറ്റ് തിരികെ ലഭിക്കാത്ത ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടുള്ള കച്ചവടക്കാരേയും ഈ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുക എന്ന ആവശ്യവും ഉന്നയിച്ചു.

പ്രകടനവും ജി.എസ്.ടി. ഓഫീസിന് മുന്നിലെ ധർണയും ഡോ. വി. ശിവദാസൻ എം.പി. ഉദ്ഘാടനം ചെയ്യുമെന്ന് വ്യാപാരി വ്യവസായി സമിതി ജില്ലാ സെക്രട്ടറി പി.എം. സുധാകരൻ പത്രസമ്മേളനത്തിൽ അറിയിച്ചു. ജില്ലാ പ്രസിഡന്റ് പി. വിജയൻ, ട്രഷറർ എം.എ. ഹമീദ് ഹാജി എന്നിവരും പങ്കെടുത്തു.

വൈദ്യുതി മുടങ്ങും

കാടാച്ചിറ ▸ ചാല എച്ച്.എസ്. ട്രാൻസ്ഫോർമർ പരിധിയിൽ ക്രിസ്റ്റൻ പള്ളിക്ക് പിറകുവശത്തും തന്നട ട്രാൻസ്ഫോർമർ പരിധിയിൽ വയൽ ഭാഗത്തും ബുധനാഴ്ച രാവിലെ 8.30 മുതൽ 5.30 വരെ.

വയലാർ-ചെറുകാട് അനുസ്മരണം 27-ന്

നാറാത്ത് ▸ കണ്ണാടിപ്പറമ്പ് പി.സി. അനന്തൻ സ്മാരക വായനശാല, പുരോഗമന കലാസാഹിത്യസംഘം കണ്ണാടിപ്പറമ്പ് എന്നിവ ചേർന്ന് വയലാർ-ചെറുകാട് അനുസ്മരണവും ഗാനാലാപനവും 27-ന് നടത്തും.

വൈകിട്ട് ആറിന് എഴുത്തുകാരൻ വിനോദ് നമ്പ്യം ഉദ്ഘാടനം ചെയ്യും. വയലാർഗാനങ്ങളെ ആസ്പദമാക്കി ക്വിസ് മത്സരം, നാട്ടിലെ ഗായകരുടെ ഗാനാലാപനം എന്നിവയുണ്ടാകും.

SOUTH INDIAN Bank
റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, ഫ്ലാറ്റ് - അബിലി റോഡ്, കണ്ണൂർ
പിൻ: 670 014, കേരള. ഫോൺ: +91 497 2713233/34/35
email: to1016@sib.co.in, CIN No.L65191KL1929PLC001017
രജി. ഓഫീസ്: എസ്.ഐ.ബി. ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ-ലേല വിൽപ്പന നോട്ടീസ് [റൂൾ-8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റി കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്റ്റാസ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപ്പന നോട്ടീസ്.

വായ്പക്കാർ. (1) **M/s മെട്രോ പ്ലസ് ഹെഡ്പ്പ് മാർക്കറ്റ്**, പ്രതിനിധികരിച്ചുകൊണ്ട് പാർട്നർമാർ, കാസ മറീന ഷോപ്പിംഗ് സെന്റർ, തളാപ്പ്, കണ്ണൂർ, കേരള -670002 കൂടാതെ കാസ മറീന ഷോപ്പിംഗ് സെന്റർ, തളാപ്പ്, കണ്ണൂർ, കേരള -670004 & 37-124,125,128,129,133, മെട്രോ സിക്കയർ, എസ്.എൻ.പാർക്ക് റോഡ്, കണ്ണൂർ-670001 & ടി.വി. 33/41, ഷേണായി സെന്റർ, ഫോർട്ട് റോഡ്, കണ്ണൂർ-670001 & 16/1121-6,7,8, നിയാദ് മാൾ, പെരുമ്പ, പയ്യന്നൂർ, കേരളം-670307 & സി.വി. 1-5, മെട്രോ ഗ്രോബൽ എക്സിം, താവം, ചെറുകുന്ന്, കേരള-670301 (2) **ശ്രീ അബ്ദുൽ ഖാദർ സി എം എന്ന അബ്ദുൽ ഖാദർ മുഹമ്മദ് കുഞ്ഞി**, പാർട്നർ